നം. യു4/137202/2015/ പി. എച്ച്. ക്യൂ
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം - 10
തീയതി : /09/2015

സർക്കുലർ നം : 40 /2015

വിഷയം: 2009-ലെ ലീഗൽ മെട്രോളജി ആക്ട് (2010-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള കുററങ്ങൾക്ക് പ്രസ്തുത ആക്ററിലെ നടപടിക്രമം മാത്രം ബാധകമാണെന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന: ബഹു. കേരള ഹൈക്കോടതി 16.07.2015 ൽ ക്രിമിനൽ. എം. സി. നം. 4424/2013 എന്ന കേസിൽ പുറപ്പെടുവിച്ച ഉത്തരവ്.

2009-ലെ ലീഗൽ മെട്രോളജി ആക്ററ് (2010-ലെ 1-ാം കേന്ദ്ര നിയമം) 51-ാം വകുപ്പു പ്രകാരം 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകളും, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 153-ാം വകുപ്പും പ്രസ്തുത വ്യവസ്ഥകൾ തൂക്കം, അളവ് എന്നിവയെ സംബന്ധിച്ചുള്ള കുററങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തോളം ലീഗൽ മെട്രോളജി നിയമത്തിൻ കീഴിൽ ശിക്ഷിക്കാവുന്ന യാതൊരു കുററങ്ങൾക്കും ബാധകമല്ലാത്തതാണ്. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമത്തിൻ കീഴിലുള്ള കുററങ്ങളുടെ അന്വേഷണം ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ മററു നിയമങ്ങൾക്കു കീഴിലുള്ള കുററങ്ങൾ കൈകാര്യം ചെയ്യുന്നതും ക്രമപ്പെടുത്തുന്നതും സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത നിയമ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമം പ്രസ്തുത കുററങ്ങൾക്ക് ബാധകമാവുകയുള്ളൂ എന്ന് ക്രിമിനൽ നടപടി നിയമസംഹിതയുടെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഇതു കൂടാതെ, ക്രിമിനൽ നടപടി നിയമസംഹിതയുടെ 5-ാം വകുപ്പ് തൽസമയം പ്രാബല്യത്തിലുള്ള സ്പെഷ്യൽ നിയമങ്ങളേയും തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമങ്ങളനുസരിച്ച് നൽകപ്പെട്ടിട്ടുള്ള സ്പഷ്യൽ അധികാര പരിധി അല്ലെങ്കിൽ അധികാരത്തേയും അല്ലെങ്കിൽ അപ്രകാരമുള്ള നിയമങ്ങളനുസരിച്ച് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടി ക്രമത്തേയും ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു.

2009-ലെ ലീഗൽ മെട്രോളജി നിയമം, തൂക്കം, അളവ് എന്നിവയെ സംബന്ധിച്ചുള്ള കുററങ്ങൾ, അവയുടെ ശിക്ഷ, കുററങ്ങൾ രാജിയാക്കുന്നതിനുള്ള നടപടിക്രമം എന്നിവ വിശദമായി പ്രതിപാദിക്കുന്ന ഒരു സ്പെഷ്യൽ നിയമമാണ്. പ്രസ്തുത നിയമത്തിന്റെ 48-ാം വകുപ്പു പ്രകാരം 25-ാം വകുപ്പ്, 27 മുതൽ 39 വരേയും 45 മുതൽ 47 വരെയുമുള്ള വകുപ്പുകൾ അല്ലെങ്കിൽ 52(3)-ാം വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും ചട്ടം എന്നിവക്കുകീഴിൽ ശിക്ഷിക്കാവുന്ന ഏതൊരു കുററവും പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനുമുമ്പായി പ്രസ്തുത നിയമത്തിൽ പറഞ്ഞിട്ടുള്ള നടപടിക്രമമനുസരിച്ച് ലീഗൽ മെട്രോളജി വകുപ്പ് ഡയറക്ടർക്കും മററ് ഉദ്യോഗസ്ഥൻമാർക്കും രാജിയാക്കാവുന്നതാണ്. ഇത്തരത്തിലുള്ള സ്പെഷ്യൽ നിയമത്തിൽ കുററങ്ങളും അവയുടെ ശിക്ഷയും ശിക്ഷ രാജിയാക്കുന്നതിനുള്ള നടപടിക്രമവും നിശ്ചയിച്ചിട്ടുള്ളതിനാലും ആക്ററിന്റെ 51-ാം വകുപ്പ് പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വ്യവസ്ഥകളുടേയും ക്രിമിനൽ നടപടി നിയമസംഹിതയുടെ 153-ാം വകുപ്പിന്റേയും പ്രായോഗികത ഒഴിവാക്കിയിട്ടുള്ളതിനാലും 2009-ലെ ലീഗൽ മെട്രോളജി ആക്ററിൻ കീഴിലുള്ള കുററങ്ങൾക്ക് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വ്യവസ്ഥകളും ക്രിമിനൽ നടപടി നിയമസംഹിതയുടെ 153-ാം വകുപ്പും ബാധകമാക്കാവുന്നതല്ല.

സൂചനയിൽ പരാമർശിച്ചിട്ടുള്ള ബഹു. ഹൈക്കോടതി ഉത്തരവിനാസ്പദമായ കേസിൽ മേല്പറഞ്ഞ നിയമവ്യവസ്ഥകൾ മറികടന്നുകൊണ്ട് 2009-ലെ ലീഗൽ മെട്രോളജി നിയമത്തിലെ

ഥകൾ പ്രകാരം ലീഗൽ മെട്രോളജി വകുപ്പുദ്യോഗസ്ഥർ ആക്റ്റ് പ്രകാരമുള്ള നിയമ നടപടികൾ രിക്കുന്നതിനുമുമ്പായി ഇൻഡ്യൻ ശിക്ഷാനിയമത്തിലേയും ക്രിമിനൽ നടപടി യമസംഹിതയിലേയും വ്യവസ്ഥകളനുസരിച്ച് പോലീസ് ഉദ്യോഗസ്ഥർ നടപടി ക്രമങ്ങൾ സ്വീകരിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 2009 ലെ ലീഗൽ മെട്രോളജി ആക്റ്റിൻ കീഴിലുള്ള കുററങ്ങളിൽ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരമുള്ള പരിശോധനകൾക്കും റിപ്പോർട്ടുകൾക്കും യാതൊരു സാധുതയുമില്ലായെന്നുമാത്രമല്ല, അവ നിയമവിരുദ്ധവുമാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട എഫ്.ഐ.ആർ ന് യാതൊരു സാധുതയുമില്ലായെന്ന് സൂചനയിലെ കോടതി ഉത്തരവിൽ ബഹു. കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. 2009-ലെ ലീഗൽ മെട്രോളജി ആക്റ്റ് അല്ലെങ്കിൽ ആക്റ്റിൻ കീഴിൽ നിർമ്മിച്ച ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിയമലംഘനം തീരുമാനിക്കുന്നതിന് യാതൊരു അധികാരവും പോലീസ് ഉദ്യോഗസ്ഥർക്ക് ആക്റ്റിലെ വ്യവസ്ഥകൾ നൽകിയിട്ടില്ല. നിയമലംഘനം നിശ്ചയിക്കുന്നതിനുള്ള വിശദവും ശാസ്ത്രീയവുമായ നടപടിക്രമം 2011-ലെ ലീഗൽ മെട്രോളജി (പൊതു) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള പരിശോധനയ്ക്കുള്ള നടപടിക്രമം പ്രത്യേക പരിശീലനം സിദ്ധിച്ച വിദഗ്ദ്ധനു മാത്രമെ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

മുകളിൽ പരാമർശിച്ച നിയമവ്യവസ്ഥകളുടെയും കോടതി ഉത്തരവിന്റേയും വെളിച്ചത്തിൽ 2009 -ലെ ലീഗൽ മെട്രോളജി നിയമപ്രകാരമുള്ള കുററങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ ശിക്ഷാനിയമത്തിലെയും ക്രിമിനൽ നടപടി നിയമ സംഹിതയിലെ 153-ാം വകുപ്പിലേയും വ്യവസ്ഥകളനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് യാതൊരു അധികാരവും ഇല്ലാത്തതാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. പ്രസ്തുത കുററങ്ങളിൽ പോലീസുദ്യോഗസ്ഥർ ഇനിമേൽ പരിശോധനകൾ നടത്തുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ അന്വേഷണം നടത്തുകയോ ചെയ്യരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

**ടി. പി. സെൻകുമാർ ഐ. പി. എസ്.**
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ ലിസ്റ്റ് 'ഡി' ഓഫീസർമാർക്കും അറിവിലേയ്ക്കും,
അനന്തര നടപടിയ്ക്കുമായി

പകർപ്പ് : സർക്കുലർ രജിസ്റ്റർ, പോലീസ് വെബ്സൈററ്